(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം പഞ്ചായത്തിലെ 10-ാം വാർഡിലെ പൂങ്ങോട്ടുകുളം നവീകരണത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 51.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ 40% പൂർത്തിയായിട്ടുണ്ട്. കാലവർഷം കഴിഞ്ഞ് കുളത്തിലെ വെള്ളം താഴുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## വെഞ്ചാലി എക്സ്പ്രസ് കനാൽ നിർമ്മാണം

173(479) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി വെഞ്ചാലി പാടശേഖരത്തിലെ വെഞ്ചാലി മുതൽ ചെറുമുക്ക് വരെയുള്ള എക്സ്പ്രസ് കനാൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വർഷത്തെ (2021-22) ബജറ്റിൽ വർക്ക് Appendix II വാല്യം II ക്രമ നമ്പർ 1488 ആയി ടി പദ്ധതിക്ക് ടോക്കൺ തുകയായി 100 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലസ്രോതസ്സുകളുടെ സംഭരണശേഷി

174 (480) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ പരിപാലനമില്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട കുളങ്ങളേയും ടാങ്കുകളേയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഹരിത കേരളം മിഷന്റെ ജലസമൃദ്ധി ഉപമിഷനുകീഴിൽ ഗ്രാമപഞ്ചായത്തിൽ രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ എല്ലാ തരത്തിലുള്ള ജലസംഭരണികളുടെയും പഞ്ചായത്ത് തലത്തിലുള്ള വിവരശേഖരണം നടത്തി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശരിയായ പരിപാലനം ഇല്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട കുളങ്ങളേയും ടാങ്കുകളേയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. പുതിയ പ്രവൃത്തികൾക്ക് ഇതിൽ ഉൾപ്പെട്ടവയ്ക്ക് മുൻഗണന നൽകുന്നുണ്ട്. കൂടാതെ എം.ഐ. സെൻസസ് മുഖേനയും മേൽപ്പറഞ്ഞ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജലസ്രോതസ്സുകളെ പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിലുറപ്പ് പദ്ധതിയുടേയും നേതൃത്വത്തിലും ജനകീയ പങ്കാളിത്തത്തോടെയും സംസ്ഥാനത്തെ 25241 കുളങ്ങൾ നവീകരിക്കുകയും പുതുതായി 18883 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 13942 കിണറുകൾ നവീകരിക്കുകയും 23158 കിണറുകൾ നിർമ്മിക്കുകയും 62921 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജില്ലയിൽ നാശോന്മുഖമായ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കൊച്ചിൻ ഷിപ്പ് യാർഡിന്റെ സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ 2016, 2017, 2018, 2019 വർഷങ്ങളിൽ 335 കുളങ്ങളുടെ പുനരുജ്ജീവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി. 2020-21 വർഷത്തിൽ കൊച്ചിൻ ഷിപ്പ് യാർഡിന്റെ സാമ്പത്തിക സഹായത്തോടെ (35 ലക്ഷം രൂപ) പൊതു കുളങ്ങളുടെ നവീകരണം ഏറ്റെടുത്തതിൽ 3 എണ്ണത്തിന്റെ നവീകരണം പൂർത്തിയായിട്ടുണ്ട്. ജലനിധി പദ്ധതിയുടെ സ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിനും ആവശ്യമായപക്ഷം പുനരധിവസിപ്പിക്കുന്നതിനും സുസ്ഥിരതാ പദ്ധതിയിൽ നിന്നും പണം കണ്ടെത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള ജല അതോറിറ്റിയെ സംബന്ധിച്ച് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ നദികളിൽ നിന്ന് ഇൻടേക്ക് പോയിന്റുകളിലേയ്ക്കും ഇൻഫിൽട്രേഷൻ ഗ്യാലറികളിലേക്കുമുള്ള ഒഴുക്ക് തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടാകുമ്പോൾ നദീതടങ്ങളിൽ എക്കലും മണ്ണും മാറ്റിക്കൊണ്ട് തടസ്സങ്ങളെ നീക്കി ആ സ്ഥലത്തെ നദിയുടെ ആവാഹനശേഷി വർദ്ധിപ്പിച്ച് ജലവിതരണം സുഗമമാക്കുന്ന പ്രവൃത്തികൾ സ്വീകരിക്കാറുണ്ട്. വലിയ വിസ്തൃതിയുള്ള നദികളിൽ വേനൽക്കാലത്ത് ജലത്തിന്റെ പ്രവാഹം ഗതിമാറി കിണറുകളിലേയ്ക്കും ഇൻടേക്ക് പോയിന്റുകളിലേയ്ക്കും ജലം വന്നെത്താത്ത സ്ഥിതിവിശേഷം ഉണ്ടാകുമ്പോഴും ടി പ്രദേശത്തെ മണ്ണും മണലും നീക്കി ആവാഹനശേഷി വർദ്ധിപ്പിച്ച് കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഭൂജല വകുപ്പിന്റെ " ഭൂജല സംപോഷണവും സംരക്ഷണവും" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 0.1 ഹെക്ടറിന് താഴെ വിസ്തൃതിയുള്ള കുളങ്ങളുടെ പുനരുദ്ധാരണം നിർവ്വഹിക്കുന്നതിനായി ലക്ഷ്യമിടുന്നു. ജലസേചന വകുപ്പിന്റെ അനുവദനീയമായ ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗപ്പെടുത്തി നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി മതിയായ രീതിയിലുള്ള ഫണ്ട് ലഭ്യമല്ലാത്തതും അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗം നടത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾക്ക് ഈ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി ലഭ്യമായ ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ഫണ്ടും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതയും പരമാവധി ഏകോപനത്തോടെ വിനിയോഗിച്ചുകൊണ്ടും, ജനകീയ പങ്കാളിത്തം ഉറപ്പാക്കിയുമാണ് ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. നവീകരിക്കേണ്ടതായി കണ്ടെത്തിയ ജലസ്രോതസ്സുകളുടെ എണ്ണം വളരെ കൂടുതലായതിനാൽ ജലസേചന വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തിമാത്രം ജലസ്രോതസ്സുകളെല്ലാം പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നില്ല. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് പൊതുജനങ്ങൾ, ജനപ്രതിനിധികൾ, കർഷകർ എന്നിവരുടെ ആവശ്യപ്രകാരം പ്രവൃത്തികൾക്ക് മുൻഗണന നിശ്ചയിച്ചാണ് നടപ്പിലാക്കുന്നത്. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എല്ലാ ജലസ്രോതസ്സുകളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാകേണ്ടതുണ്ട്. " ഭൂജല സംപോഷണവും സംരക്ഷണവും" എന്ന പ്ലാൻ പദ്ധതിയ്ക്ക് 10 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുള്ളത്.

## ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്

175(481) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാൽ നിർമ്മാണ പ്രവൃത്തി നടത്തിയ കരാറുകാരനായ ശ്രീ. കെ. വി. പൗലോസിന്റെ ബിൽ തുക പാസ്സാക്കി നൽകിയിട്ടുണ്ടോ?

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാൽ നിർമ്മാണ പ്രവൃത്തി നടത്തിയ കരാറുകാരനായ ശ്രീ. കെ. വി. പൗലോസിന്റെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 84,45,878 രൂപ 9-1-2012-ൽ നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ടോ; ആയതിൽ ജഡ്ജ്മെന്റ് ആയിട്ടുണ്ടോ; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly